**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2367** **12-12-2022 - ൽ മറുപടിയ്ക്ക്**

**അവയവം മാറ്റിവെച്ചവർക്കും കാൻസർ രോഗികൾക്കും ബ്രാൻഡഡ് മരുന്നുകൾ ലഭ്യമാക്കുവാനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | അവയവം മാറ്റിവെച്ചവർക്കും കാൻസർ രോഗികൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ ഉൾപ്പെടുത്തി മരുന്നുകൾ വാങ്ങി നൽകുമ്പോൾ സർക്കാരിന്റെ നിലവിലെ മാർഗരേഖ പ്രകാരം ബ്രാൻഡഡ് മരുന്നുകൾ ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗിച്ച് ആരോഗ്യകേന്ദ്രങ്ങൾ ആവശ്യപ്പെടുന്നത് പ്രകാരമുള്ള മരുന്നുകൾ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേന വിതരണം ചെയ്തു വരുന്നുണ്ട്. ഇതിൽ ബ്രാൻഡഡ് മരുന്നുകളും Pangraf, Tacrograf , Capegard , Bortiad എന്നിവയും ഉൾപ്പെടുന്നു. |
| (ബി) | ഇക്കാര്യത്തിൽ സർക്കാരിന്റെ തീരുമാനം പുന:പരിശോധിക്കുവാനും കോവിഡ് സാഹചര്യത്തിൽ ചെയ്തിരുന്നതുപോലെ അവയവം മാറ്റിവെച്ച രോഗികൾക്ക് ബ്രാൻഡഡ് മരുന്നുകൾ ലഭ്യമാക്കുവാനും നടപടി സ്വീകരിക്കുമോ; | (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗിച്ച് ആരോഗ്യകേന്ദ്രങ്ങൾ ആവശ്യപ്പെടുന്നത് പ്രകാരമുള്ള മരുന്നുകൾ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേന വിതരണം ചെയ്തു വരുന്നുണ്ട്. ഇതിൽ ബ്രാൻഡഡ് മരുന്നുകളും Pangraf, Tacrograf , Capegard , Bortiad എന്നിവയും ഉൾപ്പെടുന്നു. |
| (സി) | മരുന്നുകൾ ലഭ്യമാക്കുന്നതിന് കെ.എം.എസ്.സി.എൽ. നൽകുന്ന നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിലെയും സബ്സിഡി മാനദണ്ഡങ്ങളിൽ പറയുന്ന ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിലെയും പൊരുത്തക്കേടുകൾ കാരണം മരുന്നുകൾ ലഭ്യമാക്കുവാനുള്ള സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുവാൻ ആയത് സംബന്ധിച്ച സ്പഷ്ടീകരണം നൽകുമോ; വ്യക്തമാക്കാമോ ? | (സി) | സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങളിലേയ്ക്ക് മരുന്ന് വിതരണം നടത്തുന്നത് കെ.എം.എസ്.സി.എല്ലാണ്. അവശ്യ മരുന്ന് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ നടപ്പ് സാമ്പത്തിക വർഷം വിതരണക്കാരെ ലഭ്യമല്ലാത്തതുമായ ഇനങ്ങൾക്ക് മുൻ കാലയളവിലെ നീക്കിയിരിപ്പ് പല അവസരങ്ങളിലും ഉണ്ടായിരിക്കുമെന്നതിനാൽ, പ്രസ്തുത ശേഖരം തീർന്നതിനു ശേഷം ബന്ധപ്പെട്ട ഇനങ്ങളെ കോർപ്പറേഷൻറെ ഔദ്യോഗിക വെബ്സൈറ്റിൽ "വിതരണക്കാരെ ലഭ്യമല്ലാത്ത ഇനങ്ങൾ (No Bidder items) എന്ന് പ്രസിദ്ധീകരിക്കുകയും അതിന് അനുസൃതമായി ശേഖര രഹിത സാക്ഷ്യപത്രം (Non Availability Certificate - NAC) നൽകിവരുകയുമാണ് ചെയ്യുന്നത്.<br><br>പ്രോജക്ടുകളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് സർക്കാർ ഉത്തരവ് നം.സ.ഉ.(സാധാ) |

| | | | |
|---|---|---|---|
| | | | നം.653/2017/ആ.കു.വ തീയതി 14.03.2017 പ്രകാരം കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ വെയർ ഹൌസ് മാനേജർ നൽകുന്ന ശേഖര രഹിത സാക്ഷ്യപത്രം ജില്ലാ മെഡിക്കൽ ഓഫീസർ കൌണ്ടർ സൈൻ ചെയ്ത് നൽകി വരുന്നു.<br><br>28/05/2022 ലെ സ.ഉ.(കൈ.)നം. 115/2022/ എൽ.എസ്.ജി.ഡി. പ്രകാരം, പതിന്നാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം എന്നിവ സംബന്ധിച്ചുള്ള മാർഗരേഖ നിശ്ചയിച്ചപ്പോൾ, അതിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവെയലബിലിറ്റി സർട്ടിഫിക്കറ്റ് വേണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആകയാൽ ഇക്കാര്യത്തിൽ പൊരുത്തക്കേടുകൾ കാണുന്നില്ല. മാത്രമല്ല, ഇതു വരെ ഈ പ്രൊജക്ടുകളുടെ നിർവ്വഹണത്തിന് ബുദ്ധിമുട്ടുണ്ടായതായി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ